# നവജാത ശിശുക്കളുടെയും ജനനസമയത്ത് തൂക്കക്കുറവുള്ള ശിശുക്കളുടെയും പരിചരണം

## *നവജാത ശിശുക്കളുടെ പരിചരണം*

- ഒരു നവജാത ശിശുവിനെ സൂക്ഷ്മമായി കൈകാര്യം ചെയ്യണം കൂടാതെ ശരിയായ കരുതലും ആവശ്യമുണ്ട്.
- ശിശുവിനെ:
    - ജനനം കഴിഞ്ഞാൽ ഉടൻ തന്നെ തുടച്ചുണക്കി പൊതിയണം. ഈർപ്പമുള്ള മൃദുവായ തുണികൊണ്ട് ശിശുവിനെതുടയ്ക്കുകയും തുടർന്ന് ഉണങ്ങിയ മൃദുവായ തുണിയിൽ പൊതിയുകയും വേണം.
    - കാലാവസ്ഥാ സാഹചര്യങ്ങൾക്ക് അനുസൃതമായി ശരിയായ വിധത്തിൽ പൊതിഞ്ഞ് ചൂടു ലഭിക്കത്തക്കവിധം സൂക്ഷിക്കണം.
    - തലയും പാദവും പൊതിഞ്ഞു സൂക്ഷിക്കണം.
    - അമ്മയുടെ നെഞ്ചിനോടും ഉദരത്തോടും ചേർത്ത് പിടിക്കണം.
    - ശിശു ആദ്യത്തെ 24 മണിക്കൂനുള്ളിൽ ചുരുങ്ങിയത് ഒരു തവണയെങ്കിലും മലവിസർജ്ജനം നടത്തുകയും 48 മണിക്കൂറിനുള്ളിൽ ഒരു തവണയെങ്കിലും മൂത്രവിസർജ്ജനം നടത്തുകയും ചെയ്യണം.



- നവജാത ശിശുവിനെആദ്യത്തെ 24-48 മണിക്കൂർ സമയത്തേക്ക് കുളിപ്പിക്കരുത്. ജനനസമയത്ത് തൂക്കക്കുറവുള്ള ശിശുക്കളെ ജനിച്ച് ആദ്യത്തെ 7 ദിവസത്തേക്ക് കുളിപ്പിക്കരുത്.
- ഓരോ തവണ പാലുകൊടുത്തതിനു ശേഷവും ഏമ്പക്കം വിടുവിക്കണം.
- പൊക്കിൾക്കൊടി മുറിച്ചുകെട്ടിയ ഭാഗം വൃത്തിയായും നനവുതട്ടാതെയും സൂക്ഷിക്കണം. **നിർദ്ദേശിക്കുന്ന വിധത്തിലുള്ള മരുന്നുകൾ ഒഴികെ മറ്റൊന്നും പൊക്കിൾക്കൊടിയിൽ പുരട്ടരുത്.**
- ശിശുവിനെ രോഗികളായ ആളുകളിൽ നിന്ന് അകറ്റിവയ്ക്കണം കൂടാതെ വളരെ കുറച്ചുപേർ മാത്രമേ ശിശുവിനെ കൈകാര്യം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുകയും വേണം.

### *നവജാത ശിശുക്കളുടെ പരിചരണത്തിനു വേണ്ടിയുള്ള ഭവനസന്ദർശനത്തിന്റെ സമയക്രമം*

- നവജാത ശിശുവിനെചൂടു ലഭിക്കത്തക്ക വിധത്തിൽ സൂക്ഷിക്കുന്നു എന്നും അതിന് മുലപ്പാൽ മാത്രമാണ് നൽകുന്നതെന്നും ഉറപ്പാക്കുകയാണ് ഈ ഭവന സന്ദർശനങ്ങളുടെ ഉദ്ദേശ്യം.
- ജനിച്ചുകഴിഞ്ഞയുടനെ അല്ലെങ്കിൽ ആദ്യത്തെ 24 മണിക്കൂറിനകം നവജാത ശിശുവിനെ സന്ദർശിക്കണം, ശിശു വീട്ടിലാണ് ജനിച്ചതെങ്കിൽ 2-ാം ദിവസവും അതിനെ സന്ദർശിക്കണം.
- ശിശു ജനിച്ചത് ആശുപത്രിയിൽ ആണെങ്കിൽ, നിങ്ങൾ ശിശുവിനെ 3-ാമത്തെയും 7-ാമത്തെയും 42-ാമത്തെയും ദിവസം സന്ദർശിക്കണം.
- ശിശു ജനിച്ചത് വീട്ടിലാണെങ്കിൽ, ശിശുവിനെ 1-ാമത്തെയും 3-ാമത്തെയും 7-ാമത്തെയും 42-ാമത്തെയും ദിവസം സന്ദർശിക്കണം.
- ജനനസമയത്ത് തൂക്കം കുറവുള്ളവരും മാസം തികയാതെ ജനിച്ചവരും രോഗികളുമായ നവജാത ശിശുക്കളുടെ കാര്യത്തിൽ അധിക ഭവന സന്ദർശനങ്ങൾ ആവശ്യമായി വരും.
- ജനനസമയത്ത് തൂക്കക്കുറവുള്ള ശിശുക്കളെ ഇതിനു പുറമെ 14-ാമത്തെയും 21-ാമത്തെയും 28-ാമത്തെയും ദിവസവും സന്ദർശിക്കണം.

## *ജനനസമയത്ത് കുറഞ്ഞ തൂക്കമുള്ള ശിശുക്കളുടെ പരിചരണം*







ജനനസമയത്ത് 2.5 കി.ഗ്രാമിൽ കുറവ് തൂക്കമുള്ള ശിശുക്കൾക്ക് താഴെപ്പറയുന്ന വിധത്തിൽ അധിക പരിചരണം ആവശ്യമാണ്:

- അധിക ഉഷ്മളത ലഭ്യമാക്കുകയും ശിശുവിനെചൂടായി സൂക്ഷിക്കുകയും അമ്മയുടെ ശരീരത്തോടു ചേർത്തുവച്ച് സംരക്ഷിക്കുകയും വേണം (കംഗാരു സംരക്ഷണം).
- കുടുംബം ഇനി പറയുന്നവ ഉറപ്പാക്കണം:
  - നേർത്ത ഷീറ്റുകളും പുതപ്പുകളും ഉപയോഗിച്ച് ശിശുവിനെ പൊതിഞ്ഞു സൂക്ഷിക്കണം.
  - ചൂട് നഷ്ടപ്പെടുന്നത് കുറയ്ക്കുന്നതിന് തല പൊതിഞ്ഞു വയ്ക്കണം.
  - ശിശുവിനെ അമ്മയുടെ നെഞ്ചിനും ഉദരത്തിനും വളരെ അടുത്തായി ചേർത്തു കിടത്തണം.
  - അമ്മയുടെ ശരീരത്തോടു ചേർത്തു കിടക്കാത്ത അവസരങ്ങളിൽ ചൂടുവെള്ളം നിറച്ച കുപ്പികൾ തുണിയിൽ പൊതിഞ്ഞ് ശിശുവിന്റെ ഇരുവശങ്ങളിലും വയ്ക്കണം.
  - ശിശുവിനെ കൂടെക്കൂടെ മുലയൂട്ടണം.
- ജനനസമയത്ത് തൂക്കക്കുറവുള്ള ശിശുവിനെആദ്യത്തെ ഏഴു ദിവസത്തേക്ക് കുളിപ്പിക്കരുത്.

### അംഗൻവാടി പ്രവർത്തകയുടെ പങ്ക്

- പ്രസവം കഴിഞ്ഞാലുടനെ ശിശുവിനെ മുലയൂട്ടിത്തുടങ്ങാനും 6 മാസത്തേക്ക് കുഞ്ഞിന് മുലപ്പാൽ മാത്രം നൽകാനും അമ്മയെ പ്രോത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും വേണം.
- കുപ്പിപ്പാൽ നൽകുക, നേരത്തെ കുളിപ്പിക്കുക, വായിലൂടെ മറ്റ് വസ്തുക്കൾ കൊടുക്കുക എന്നിവ പോലെയുള്ള ഹാനികരമായ ശീലങ്ങൾ നിരുത്സാഹപ്പെടുത്തണം.
- നവജാത ശിശുവിന്റെ പരിചരണത്തിനു വേണ്ടി നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ ഭവന സന്ദർശനം നടത്തണം.
- ശിശു ജനിച്ചാലുടനെ മാതൃ ശിശു സംരക്ഷണ കാർഡിൽ ജനനസമയവും തൂക്കവും രേഖപ്പെടുത്തണം.
- സന്ദർശനം നടത്തുന്ന ഓരോ അവസരത്തിലും ശിശുവിന്റെ തൂക്കം നിരീക്ഷിക്കുകയും വളർച്ചാ ചാർട്ടിൽ അത് രേഖപ്പെടുത്തുകയും വേണം. സാധാരണയുള്ളതിൽ നിന്ന് എന്തെങ്കിലും വ്യതിയാനമുണ്ടെങ്കിൽ അത് കുറിച്ചുവയ്ക്കുകയും പെരുമാറ്റച്ചട്ടം അനുസരിച്ച് അതിന്മേൽ നടപടിയെടുക്കുകയും ചെയ്യണം.
- നവജാത ശിശുവിൽ രക്തദൂഷണം അല്ലെങ്കിൽ മറ്റ് രോഗങ്ങളുടെ ആദ്യ ലക്ഷണങ്ങൾ തിരിച്ചറിയുകയും ഉടൻ തന്നെ ആശുപത്രിയിലേക്ക് പറഞ്ഞയയ്ക്കുകയും വേണം.
- ദുർബലരും ജനനസമയത്ത് തൂക്കക്കുറവുള്ളവരുമായ ശിശുക്കളെ കൈകാര്യം ചെയ്യാൻ സഹായിക്കുക
  - കൂടെക്കൂടെയുള്ള സന്ദർശനം - നന്നായി പാലു കുടിച്ചുതുടങ്ങുന്നതു വരെ ദിവസേന രണ്ടു തവണ.
  - വൃത്തിയാക്കൽ, മുലയൂട്ടൽ, ചൂട് നൽകൽ, അമ്മയുടെ ദേഹത്തോടു ചേർത്തുവച്ചുള്ള പരിചരണം എന്നിവ ഉൾപ്പെടെ കൂടുതൽ കാര്യങ്ങൾ.
  - ആവശ്യമായ വിധത്തിൽ മുലപ്പാൽ പിഴിഞ്ഞെടുക്കൽ.